**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം-2025**

**ഫാർമസി കോഴ്സിലേക്ക് ഒന്നാം ഘട്ട അല്ലോട്ട്മെന്റ് , ആർക്കിടെക്ച്ചർ കോഴ്സിലേക്ക് മൂന്നാം ഘട്ട അലോട്ട്മെന്റ്, സർക്കാർ /എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് - 2025 നടപടികൾ ആരംഭിച്ചു**

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ ഫാർമസി കോഴ്സിലേക്ക് ഒന്നാം ഘട്ട അല്ലോട്ട്മെന്റ്, ആർക്കിടെക്ച്ചർ കോഴ്സിലേക്ക് മൂന്നാം ഘട്ട അല്ലോട്ട്മെന്റ്, സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ 2025-26 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് എന്നിവയ്ക്കുള്ള നടപടികൾ ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് **2025 ആഗസ്റ്റ് 18 മുതൽ ആഗസ്റ്റ് 22 വൈകുന്നേരം 5.00 മണി വരെ** പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

**താൽക്കാലികമായ അല്ലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| 18.08.2025 | ഓൺലൈൻ ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| 22.08.2025, 5.00 PM | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 23.08.2025 | താൽക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നു |
| 25.08.2025 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നു |
| 26.08.2025 to 30.08.2025,4.00 PM | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ തുക ഓൺലൈൻ പേയ്മെന്റായി ഒടുക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ് |

ഫാർമസി കോഴ്സിലേക്ക് ഒന്നാം ഘട്ട അല്ലോട്ട്മെന്റ്, ആർക്കിടെക്ച്ചർ കോഴ്സിലേക്ക് മൂന്നാം ഘട്ട അല്ലോട്ട്മെന്റ്, എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്ട്രേ വേക്കൻ സി അലോട്ട്മെന്റ് എന്നിവയിലേക്ക് പരിഗണിക്കുന്നതിന് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമാണ്. അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള

വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2025 – Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് 18.08.2025 **മുതൽ** 22.08.2025 **വൈകുന്നേരം** 5.00 **മണി വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ്, അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിക്കുന്നുവെങ്കിൽ ഓൺലൈനായി ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി **30.08.2025 വൈകുന്നേരം 4.00 ന്** മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **30.08.2025 വൈകുന്നേരം 5 മണിക്ക് മുമ്പായി** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

***I.ഫാർമസി കോഴ്സിലേക്ക് ഒന്നാം ഘട്ട അലോട്ട്മെന്റ്***

**നിർദ്ദേശാനുസൃത സംവരണം**

അഖിലേന്ത്യാ ക്വാട്ട, ഇന്ത്യാ ഗവൺമെന്റ് നോമിനികൾ, പ്രത്യേക സംവരണം, ഭിന്നശേഷി വിഭാഗത്തിലുള്ളവർ, മാനേജ്മെന്റ് ക്വാട്ട ഏതെങ്കിലും വിഭാഗത്തിൽ സൂപ്പർ ന്യൂമററിയായി അനുവദിച്ച സീറ്റുകൾ ,സർക്കാർ സീറ്റുകൾ എന്നിവ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 02.05.1966 –ലെ G.O(P) No.208/66/Edn ഉത്തരവിലെയും 06.10.2008 –ലെ G.O(MS)No.95/08/SCSTDD ഉത്തരവിലെയും 23.05.2014– ലെ G.O(MS)No.10/2014/BCDD ഉത്തരവിലെയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്. പ്രോസ്പെക്ടസ് ക്ലോസ് 4.1.5 കാണുക

***വാർഷിക ഫീസ് ഘടന- ഫാർമസി**

| | |
|---|---|
| **Govt. Pharmacy Colleges** | **Rs. 17,370/-** |
| **Self-Finance Pharmacy Colleges** | **Tuition Fee: Rs.1,14,268/-<br>Special Fee: Rs. 43,848/-** |

*ഫീസ് നിരക്ക് സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

കേന്ദ്ര റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ. അലോട്ട്മെന്റിൽ പങ്കെടുക്കുന്ന ഫാർമസി കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് .

**II . <u>ആർക്കിടെക്ച്ചർ കോഴ്സിലേക്ക്  മൂന്നാം ഘട്ട അലോട്ട്മെന്റ്</u>**

മൂന്നാം ഘട്ട അലോട്ട്മെന്റ് സർക്കാർ, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാനഘട്ട അലോട്ട്മെന്റായിരിക്കും. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന്/പ്രവേശനത്തിന് ശേഷം ഒഴിവുള്ള ആർക്കിടെക്ച്ചർ സീറ്റുകൾ സർക്കാർ കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളിൽ അതാത് കോളേജുകളും സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസ് വ്യവസ്ഥകളും പാലിച്ച് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതായിരിക്കും.

**<u>ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്</u>**

മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.

ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്ക് മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്.</u>***

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

ആർക്കിടെക്ച്ചർ *കോഴ്സിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെ ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.*

**<u>III.എഞ്ചിനീയറിംഗ് കോഴ്സ്</u>**

എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺ ലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. മുൻ അലോട്ട്മെന്റ് പ്രകാരം സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് /സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനുശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ മുൻ അലോട്ട്മെന്റുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ ഈ സ്ട്രേ വേക്കൻസി ഘട്ടത്തിലെ അലോട്ട്മെന്റ്/ പ്രവേശനം ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും. സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ പ്രവേശനം

ലഭിച്ചിട്ടുളള വിദ്യാർത്ഥികൾക്ക് ഈ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്. നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് വഴി ഒഴിവുള്ള സീറ്റുകളിലേക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം പുതുതായി ഒഴിവു വരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ മുൻ ഘട്ടങ്ങളിൽ നൽകിയിരുന്ന ഓപ്ഷനുകൾ ഈ ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

***<u>കുറിപ്പ്:</u>*** *വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ നൽകുന്ന ഓപ്ഷനുകൾ മാത്രമേ തുടർന്ന് സർക്കാർ/എയ്ഡഡ് കോളേജുകളിലേയ്ക്ക് ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അതിൽ പരിഗണിക്കുകയുള്ളൂ. തുടർന്നുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റുകളിൽ (ഉണ്ടെങ്കിൽ) പുതിയ ഓപ്ഷൻ രജിസ്ട്രേഷൻ അനുവദിക്കുകയില്ല.*

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

മേൽ പറഞ്ഞ എല്ലാ കോഴ്സുകളിലേക്കോ, ഏതെങ്കിലും കോഴ്സുകളിലേക്കോ പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. **ആർക്കിടെക്ചർ,എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നവരും ,മുൻ ഘട്ടത്തിൽ അല്ലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനം നേടാത്തവരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.** വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.) No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പിഴയായി കണക്കാക്കുന്നതാണ് .

- എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്തവരുടെയും, എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് സ്ട്രേ വേക്കൻസി അലോട്ട്മെന്റ് വഴി പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയവരുടെയും രജിസ്ട്രേഷൻ ഫീസ് പിഴയായി കണക്കാക്കുകയും പണം തിരികെ

ലഭിക്കുകയും ചെയ്യുന്നതല്ല.

റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

<u>കുറിപ്പ്</u>

1. വിവിധ കാരണങ്ങളാൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 22.08.2025 **വൈകുന്നേരം 3.00 മണിക്ക്** മുൻപായി ന്യൂനതകൾ പരിഹരിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

## PHARMACY COLLEGES – COURSE : B.PHARM [CODE 'BP']

| Sl. No. | Code | Govt. Pharmacy Colleges |
|---|---|---|
| 1 | **ALB** | College of Pharmaceutical Sciences, Govt.MedicalCollege, Alappuzha |
| 2 | **KKB** | College of Pharmaceutical Sciences, Govt.MedicalCollege, Kozhikode |
| 3 | **KTB** | College of Pharmaceutical Sciences, Govt.MedicalCollege, Kottayam |
| 4 | **TVB** | College of Pharmaceutical Sciences, Govt.MedicalCollege, Thiruvananthapuram |
| 5 | **AMB** | College of Pharmaceutical Sciences, Govt. Medical College, Kannur |
| | | **Self Financing Colleges under Centre for Professional & Advanced Studies (CPAS)** |
| 6 | **RIB** | Department of Pharmaceutical Science, Puthuppally, Kottayam |
| 7 | **DPB** | Centre for Professional Studies, Cheruvandoor, Ettumanoor P.O, Kottayam |
| | | **Private Self Financing Pharmacy Colleges** |
| 8 | **AAB** | Al-Azhar College of Pharmacy, Thodupuzha, Idukki |
| 9 | **AFB** | Al Shifa College of Pharmacy, Poonthavanam P O, Kizhattur, Perinthalmanna, Malappuram |
| 10 | **AHB** | AhaliaSchool of Pharmacy, Kozhipara, Palakkad |

| | | |
|---|---|---|
| 11 | **CAB** | Caritas College of Pharmacy, Thellakom, Kottayam |
| 12 | **CCB** | ChemistsCollege of Pharmaceutical Science & Research, Varikoli, Puthencruz, Ernakulam |
| 13 | **CHB** | MGM College of Pharmaceutical Sciences, Malappuram. |
| 14 | **CRB** | CrescentCollege of Pharmaceutical Sciences, Madayipara, Pazhayangadi, Kannur |
| 15 | **DAB** | DevakiAmmaMemorialCollege of Pharmacy, Chelembra, Pulliparamba, Malappuram |
| 16 | **DMB** | Dr.Moopen's College of Pharmacy, Wayanad. |
| 17 | **DVB** | The DaleViewCollege of Pharmacy & Research Centre, Punalal P O, Thiruvananthapuram |
| 18 | **ECB** | Ezhuthachan College of Pharmaceutical Science, Marayamuttam, Neyyattinkara, Thiruvananthapuram |
| 19 | **EPB** | Elims College of Pharmacy, Ramavarmapuram, Villadam, Thrissur. |
| 20 | **GCB** | Grace College of Pharmacy, Kodunthirapully, Palakkad |
| 21 | **HGB** | Holy Grace Academy of Pharmacy, Mala, Kuruvilassere, Thrissur |
| 22 | **HKB** | Hindhusthan College of Pharmacy, Kanjirappally |
| 23 | **JCB** | St.James College of Pharmaceutical Sciences, River Bank, Chalakudy, Thrissur |
| 24 | **JDB** | JDT Islam College of Pharmacy, Marikunnu, Kozhikode |
| 25 | **JSB** | Jamia Salafiya PharmacyCollege, Salafiya Gramam, Pulikkal, Malappuram |
| 26 | **KCB** | KMCT College of Pharmacy, Mampara, Malapuram |
| 27 | **KEB** | Indira Gandhi Institute of Pharmaceutical Sciences, Ernakulam |
| 28 | **KMB** | KMCT College of Pharmaceutical Sciences, Kalanthode, Kozhikode |
| 29 | **KNB** | College of Pharmacy, Kannur Medical College,Anjarakandy.P.O, Kannur |
| 30 | **KPB** | K T N College of Pharmacy, Puliyanamkunnu, Chalavara P O, Ottappalam TK, Palakkad |
| 31 | **KRB** | KarunaCollege of Pharmacy, Thirumittacode, Pattambi, Palakkad |
| 32 | **KVB** | K V M College of Pharmacy, Kokkothamangalam, Cherthala, Alappuzha |
| 33 | **MCB** | MoulanaCollege of Pharmacy, Near Railway Station, Angadippuram P O, Perinthalmanna, Malappuram |
| 34 | **MDB** | MarDioscorusCollege of Pharmacy, Alathara, Sreekaryam, Thiruvananthapuram |
| 35 | **MGB** | MGM Silver Jubilee College of Polytechnic and Pharmaceutical Sciences, Pampamuda, Ernakulam |
| 36 | **MGK** | MGM Silver Jubilee College Pharmacy, Kilimanoor, |

| | | |
|---|---|---|
| 37 | **MGR** | Thiruvananthapuram MGM College of Pharmacy, Pilathara Vilayancode. P.O., Kannur-670504 |
| 38 | **MKB** | Malik Deenar College of Pharmacy, Seethangoli, Bela P O, Kasaragod |
| 39 | **MMB** | MookambikaCollege of Pharmaceutical Sciences and Research, Ettappilly, Mannathoor P O, Muvattupuzha, Ernakulam-686667 |
| 40 | **MPB** | Dr. Joseph Mar Thoma Institute of Pharmaceutical Sciences & Research, Pallickal P O, Kattanam, Alappuzha |
| 41 | **MZB** | MountZionCollege of Pharmaceutical Science and Research, Adoor, Pathanamthitta |
| 42 | **NAB** | NazarethCollege of Pharmacy, Othera, Thiruvalla, Pathanamthitta |
| 43 | **NCB** | NehruCollege of Pharmacy, Pampady, Thiruvilwamala, Thrissur |
| 44 | **NEB** | NirmalaCollege of Health Sciences, Kunnappilly P O, Meloor, Thrissur-680311 |
| 45 | **NMB** | NirmalaCollege of Pharmacy, Muvattupuzha, Ernakulam |
| 46 | **NPB** | NationalCollege of Pharmacy, Manassery, Mukkam, Kozhikode |
| 47 | **PCB** | PushpagiriCollege of Pharmacy, Perumthuruthy P O, Thiruvalla, Pathanamthitta |
| 48 | **PPB** | PrimeCollege of Pharmacy, Erattayil, Palakkad |
| 49 | **SCB** | St. Joseph's College of Pharmacy, Cherthala, Alappuzha |
| 50 | **SJB** | St. John'sCollege of Pharmaceutical Sciences & Research, Kattapana, Idukki-685515 |
| 51 | **SPB** | SanjoeCollege of Pharmaceutical Studies, Kuzhalmannam, Palakkad |
| 52 | **SKP** | Sreekrishna College of Pharmacy & Research Centre, Parassala, Thiruvananthapuram |
| 53 | **TIB** | Triveni Institute of Pharmacy, Kecheri, Thrissur |
| 54 | **WSB** | Westfort College of Pharmacy, Thrissur |
| 55 | **RGB** | Rajeev Gandhi Institute of Pharmacy, Trikaripur, Kasaragod |
| 56 | **KAB** | Kerala Academy of Pharmacy,Kandala,TVPM |
| 57 | **STB** | Sree Gokulam SNGM College of Pharmacy |
| 58 | **MLB** | Madin College of Pharmacy |
| 59 | **MEB** | METS College of Pharmacy, Mala, Thrissur |
| 60 | **MAB** | Malabar College of Pharmacy, Edappal, Malappuram |
| 61 | **KLB** | KMCT Institute of Pharmacy, Kuttippuram, Malappuram |
| 62 | | KMCT Institute of Pharmaceutical Education & |

| | | |
|---|---|---|
| | **KKP** | Research, Chathamangalam, Kozhikkode. |
| 63 | **LIB** | Lisi College of Pharmacy, Vennala, Ernakulam |

പ്രവേശനവുമായി ബന്ധപ്പെട്ട് എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18-08-2025

Signed by
Arun S Nair
Date: 18-08-2025 17:19:25